## പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറുടെ കാര്യാലയം

അയ്യൻകാളി ഭവൻ, കനകനഗർ, വെള്ളയമ്പലം, കവടിയാർ പി.ഒ,
തിരുവനന്തപുരം -695003, ഫോൺ/ഫാക്സ് – 0471 2727379
ഇമെയിൽ – bcddkerala@gmail.com, വെബ്സൈറ്റ് -www.bcdd.kerala.gov.in


BCDIR/B2/308/2021 തീയതി :29/06/2021

ഭരണഭാഷ - മാതൃഭാഷ

## വിജ്ഞാപനം
## ബാർബർഷോപ്പ് നവീകരണ പദ്ധതി 2021-22

സംസ്ഥാനത്ത് പരമ്പരാഗതമായി ബാർബർ തൊഴിൽ ചെയ്തു വരുന്ന മറ്റ് പിന്നാക്ക സമുദായത്തിൽപ്പെട്ടവർക്ക് തൊഴിൽ നവീകരണത്തിന് ധനസഹായം നൽകുന്ന "ബാർബർ ഷോപ്പ് നവീകരണത്തിനുള്ള ധനസഹായം" എന്ന പദ്ധതിക്ക് പിന്നാക്ക വിഭാഗ വികസന വകുപ്പ് അപേക്ഷ ക്ഷണിക്കുന്നു. അപേക്ഷകർ സംസ്ഥാനത്തെ മറ്റ് പിന്നാക്ക വിഭാഗങ്ങളുടെ പട്ടികയിൽ (ഒ.ബി.സി) ഉൾപ്പെട്ടവരും പരമ്പരാഗതമായി ബാർബർ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുമായിരിക്കണം.

<u>അപേക്ഷകർക്കുള്ള മാനദണ്ഡങ്ങളും നിർദ്ദേശങ്ങളും ചുവടെ ചേർക്കുന്നു.</u>

- സംസ്ഥാനത്തെ മറ്റ് പിന്നാക്ക സമുദായങ്ങളുടെ പട്ടികയിൽ ഉൾപ്പെട്ട സമുദായാംഗമായിരിക്കണം.
- കേരളീയനായിരിക്കണം
- കുടുംബ വാർഷിക വരുമാനം 1 ലക്ഷം രൂപയിൽ അധികരിക്കരുത്
- അപേക്ഷകർക്കുള്ള പരമാവധി ഗ്രാന്റ് 25000/- രൂപ ആയിരിക്കും.
- അപേക്ഷ സമർപ്പിക്കുന്നതിനുള്ള പരമാവധി പ്രായപരിധി 60 വയസ്സാണ്.
- ഇതേ പദ്ധതി പ്രകാരം മുൻ വർഷങ്ങളിൽ ആനുകൂല്യം ലഭിച്ചവരോ, അവരുടെ കുടുംബാംഗങ്ങളോ അപേക്ഷിക്കേണ്ടതില്ല
- ഗ്രാമപ്രദേശങ്ങളിൽ ബാർബർഷോപ്പ് നടത്തുന്നവർക്ക് മുൻഗണന നൽകുന്നതാണ്.
- 2018, 2019 വർഷങ്ങളിലെ പ്രളയ ബാധിത മേഖലകളിൽ ബാർബർഷോപ്പ് നടത്തുന്നവർക്ക് പരിശോധിച്ച് ബോധ്യപ്പെടുന്ന പക്ഷം മുൻഗണന നൽകുന്നതാണ്.
- അപേക്ഷാ ഫാറം www.bcdd.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.
- പാസ്പോർട്ട് വലിപ്പത്തിലുള്ള ഫോട്ടോ പതിച്ച പൂരിപ്പിച്ച അപേക്ഷയും അനുബന്ധ രേഖകളും സ്ഥാപനം പ്രവർത്തിക്കുന്ന സ്ഥലത്തെ തദ്ദേശ സ്വയം ഭരണ സ്ഥാപന സെക്രട്ടറിക്ക് 31.07.2021 തീയതിക്ക് മുൻപായി സമർപ്പിക്കേണ്ടതാണ്.

<u>അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകൾ ചുവടെ ചേർക്കുന്നു.</u>

ജാതി സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ്, തൊഴിൽ പരിചയ സർട്ടിഫിക്കറ്റ് (തദ്ദേശ സ്വയം ഭരണ സ്ഥാപന ചെയർമാൻ/പ്രസിഡന്റിൽ നിന്നോ, സെക്രട്ടറിയിൽ നിന്നോ വാങ്ങാവുന്നതാണ്), റേഷൻ കാർഡിന്റെ പകർപ്പ്, സ്ഥാപനത്തിന്റെ ഉൾഭാഗം വ്യക്തമായി

കാണുന്ന വിധത്തിലുള്ള നിലവിലെ ഫോട്ടോ , ഇലക്ഷൻ തിരിച്ചറിയൽ കാർഡ്/ആധാർ കാർഡിന്റെ പകർപ്പ്, കടയുടെ ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റിന്റെ/വാടക കരാറിന്റെ പകർപ്പ്, ബന്ധപ്പെട്ട സ്വയംഭരണ സ്ഥാപനത്തിൽ നിന്നുള്ള ലൈസൻസിന്റെ പകർപ്പ്, പ്രളയ ബാധിത മേഖലയിൽ സ്ഥാപനം നടത്തുന്ന വ്യക്തിയാണെങ്കിൽ ആയത് തെളിയിക്കുന്ന ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപന സെക്രട്ടറിയുടെ സാക്ഷ്യപത്രം.

<u>അപേക്ഷയിന്മേൽ തദ്ദേശ സ്വയംഭരണ സ്ഥാപന അധികൃതർ സ്വീകരിക്കേണ്ട നടപടികൾ</u>

സെക്രട്ടറിക്ക് ലഭിക്കുന്ന അപേക്ഷ പരിശോധിച്ച് അപേക്ഷാഫോമിൽ രേഖപ്പെടുത്തിയിട്ടുള്ള പ്രകാരം അർഹമായ മാർക്ക് നൽകി ആകെ ലഭ്യമായ അപേക്ഷകരുടെ മുൻഗണനാ ക്രമം നിശ്ചയിച്ചതിനു ശേഷം ക്ഷേമകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയിൽ ടി പട്ടിക അംഗീകാര വിധേയമാക്കി, പട്ടികയും അപേക്ഷകളും തദ്ദേശ സ്വയംഭരണ സ്ഥാപനം മുഖേന പിന്നാക്ക വിഭാഗ വികസന വകുപ്പിന്റെ മേഖലാ ഡെപ്യൂട്ടി ഡയറക്ടർമാർക്ക് ലഭ്യമാക്കേണ്ടതാണ് . മേൽപ്രകാരമുള്ള മുൻഗണനാ പട്ടിക അനുസരിച്ചായിരിക്കും ഗുണഭോക്താക്കൾക്ക് ആനുകൂല്യം അനുവദിക്കുകയെന്നതിനാൽ പരമാവധി കൃത്യമായ പട്ടിക തയ്യാറാക്കി നൽകുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് /മുൻസിപ്പാലിറ്റി/കോർപ്പറേഷനുകളിൽ അപേക്ഷ സ്വീകരിക്കേണ്ട അവസാന തീയതി 31.07.2021. തദ്ദേശ സ്വയം ഭരണ സെക്രട്ടിമാർ അപേക്ഷകളും മുൻഗണനാ പട്ടികകളും പിന്നാക്ക വിഭാഗ വികസന വകുപ്പിന്റെ ബന്ധപ്പെട്ട മേഖലാ ഡെപ്യൂട്ടി ഡയറക്ടർമാർക്ക് 15.08.2021 നകം ലഭ്യമാക്കേണ്ടതാണ്. <u>തിരുവനന്തപുരം മുതൽ എറണാകുളം വരെയുള്ള അപേക്ഷകളും പട്ടികകളും മേഖലാ ഡെപ്യൂട്ടി ഡയറക്ടർ, പിന്നാക്ക വിഭാഗ വികസന വകുപ്പ്, സിവിൽ സ്റ്റേഷൻ, കാക്കനാട് എറണാകുളം – 682030, ഫോൺ – 0484 2983130 എന്ന വിലാസത്തിലും തൃശ്ശൂർ മുതൽ കാസർഗോഡ് വരെയുള്ള അപേക്ഷകളും പട്ടികകളും മേഖലാ ഡെപ്യൂട്ടി ഡയറക്ടർ പിന്നാക്ക വിഭാഗ വികസന വകുപ്പ്, സിവിൽ സ്റ്റേഷൻ, കോഴിക്കോട് – 673020 ഫോൺ – 0495 2377786 എന്ന വിലാസത്തിലും അയക്കേണ്ടതാണ്.</u>

Signature valid
Digitally signed by
[illegible] ഐ.എ.എസ്
Date: 2021.06.[illegible]:23
IST
Reason: Approved

<u>പകർപ്പ്</u>

1. ഗവ. പ്രിൻസിപ്പൽ സെക്രട്ടറി, പി.വി.വി.വ (ഉപരിപത്രം സഹിതം)
2. ഗവ. പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ് (ഉപരിപത്രം സഹിതം)
3. ഗവ. പ്രിൻസിപ്പൽ ഡയറക്ടർ, ഏകോപിത തദ്ദേശ സ്വയം ഭരണ വകുപ്പ് (ഉപരിപത്രം സഹിതം)
4. ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ് (ഉപരിപത്രം സഹിതം)
5. ഡയറക്ടർ, എൽ.എസ്.ജി.ഡി, (റൂറൽ)(ഉപരിപത്രം സഹിതം)
6. ഡയറക്ടർ, എൽ.എസ്.ജി.ഡി, (അർബൻ)(ഉപരിപത്രം സഹിതം)
7. മേഖലാ ഡെപ്യൂട്ടി ഡയറക്ടർ, പി.വി.വി.വ – എറണാകുളം / കോഴിക്കോട്
8. ഐ.ടി ഡിവിഷൻ കോർഡിനേറ്റർ – പി.വി.വി.വ (വെബ്സൈറ്റിൽ അപ്ലോഡ് ചെയ്യുന്നതിന്)
9. നോട്ടീസ് ബോർഡ്
10. കരുതൽ/അധികം

ഫോട്ടോ

കേരള സർക്കാർ

പിന്നാക്ക വിഭാഗ വികസന വകുപ്പ്

## ബാർബർഷോപ്പ് നവീകരണ ഗ്രാന്റിനുള്ള അപേക്ഷാ ഫാറം 2021-2022

| | | | |
|---|---|---|---|
| 1 | അപേക്ഷകന്റെ പേര് | | |
| 2 | അച്ഛന്റെ/അമ്മയുടെ പേര് | | |
| 3 | a) സ്ഥിരം മേൽ വിലാസം<br><br>ഫോൺ നമ്പർ | b) ഇപ്പോഴത്തെ മേൽ വിലാസം<br><br>ഫോൺ നമ്പർ | |
| 4 | വയസ്സ്/ജനനതീയതി | | |
| 5 | a) ജാതി b) മതം | a) | b) |
| 6 | കുടുംബ വാർഷിക വരുമാനം | | |
| 7 | ഇലക്ഷൻ തിരിച്ചറിയൽ കാർഡ് | | |
| 8 | ആധാർ കാർഡ് | | |
| 9 | റേഷൻ കാർഡ് നിർബന്ധം | APL | BPL |
| 10 | അപേക്ഷകൻ താമസിക്കുന്ന തദ്ദേശ ഭരണ പ്രദേശം | | |
| 11 | നിയമസഭാ മണ്ഡലം | | |
| 12 | ബാർബർ ഷോപ്പ് സ്ഥിതിചെയ്യുന്ന തദ്ദേശ ഭരണ സ്ഥാപനം | | |
| 13 | തദ്ദേശഭരണ സ്ഥാപനത്തിൽ നിന്നുള്ള ലൈസൻസ് നമ്പർ | | |
| 14 | എത്ര വർഷമായി ടി ജോലി ചെയ്യുന്നു | | |
| 15 | കടയിൽ നിലവിലെ സീറ്റുകളുടെ എണ്ണം | | |
| 16 | സ്വന്തം കെട്ടിടമോ/വാടക കെട്ടിടമോ | | |
| 17 | കെട്ടിട നമ്പർ | | |
| 18 | കുടുംബാംഗങ്ങളുടെ എണ്ണം(റേഷൻ കാർഡിന്റെ പകർപ്പ് സമർപ്പിക്കണം) | | |

| | | |
|---|---|---|
| 19 | കുടുംബത്തിൽ ഭിന്നശേഷിയുള്ളവർ ഉണ്ടോ? | |
| 20 | ഉണ്ടെങ്കിൽ ശേഷിയുടെ തരം | |
| 21 | കുടുംബത്തിൽ മാരകരോഗങ്ങൾ ബാധിച്ചവരുണ്ടോ | |
| 22 | ഉണ്ടെങ്കിൽ രോഗം / വിശദാംശം | |
| 23 | ബാർബർഷോപ്പ് സ്ഥിതി ചെയ്യുന്നത് 2018,2019 വർഷങ്ങളിൽ പ്രളയം ബാധിച്ച പ്രദേശത്താണോ?(ആണെങ്കിൽ ആയത് സംബന്ധിച്ച തദ്ദേശ സ്വയംഭരണ സെക്രട്ടറിയുടെ സാക്ഷ്യപത്രം ഹാജരാക്കണം) | |

## സത്യപ്രസ്താവന

അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുള്ള വിവരങ്ങൾ സത്യമാണെന്നും,എനിക്കോ എന്റെ കുടുംബാംഗങ്ങൾക്കോ പിന്നാക്ക വിഭാഗ വികസന വകുപ്പിൽനിന്നോ, ഇതര സ്ഥാപനങ്ങളിൽ നിന്നോ ഇതേ ആവശ്യത്തിന് ആനുകൂല്യം ഒന്നും തന്നെ ലഭ്യമായിട്ടില്ലായെന്നും ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

സ്ഥലം

തീയതി

അപേക്ഷകന്റെ പേരും, ഒപ്പും

---

## മേഖലാ ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസ് ഉപയോഗത്തിന്

സ്ഥലം

തീയതി (ഓഫീസ് സീൽ) മേഖലാ ഡെപ്യൂട്ടി ഡയറക്ടർ

## അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകൾ

ജാതി സർട്ടിഫിക്കറ്റ്, വരുമാനസർട്ടിഫിക്കറ്റ്, തൊഴിൽ പരിചയസർട്ടിഫിക്കറ്റ് (തദ്ദേശ സ്വയംഭരണ സ്ഥാപന ചെയർമാൻ/പ്രസിഡന്റിൽ നിന്നോ, സെക്രട്ടറിയിൽ നിന്നോ വാങ്ങാവുന്നതാണ്), റേഷൻ കാർഡിന്റെ പകർപ്പ്, സ്ഥാപനത്തിന്റെ ഉൾഭാഗം വ്യക്തമായി കാണുന്ന വിധത്തിലുള്ള നിലവിലെ ഫോട്ടോ, ഇലക്ഷൻ തിരിച്ചറിയൽ കാർഡ്/ആധാർ കാർഡിന്റെ പകർപ്പ്, കടയുടെ ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റിന്റെ/വാടകച്ചീട്ടിന്റെ പകർപ്പ്, ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നുള്ള ലൈസൻസിന്റെ പകർപ്പ്, അപേക്ഷകന്റെ പേരിലുള്ള ബാങ്ക് പാസ്ബുക്കിന്റെ പകർപ്പ്.

## തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ശിപാർശ

.............................................ഗ്രാമപഞ്ചായത്തിൽ/മുൻസിപ്പാലറ്റി/കോർപ്പറേഷനിൽ .............................................. നമ്പരായി പ്രവർത്തിക്കുന്ന ബാർബർ ഷോപ്പിന്റെ ഉടമ ശ്രീ.........................................നെ സംസ്ഥാന പിന്നാക്ക വിഭാഗ വികസന വകുപ്പിന്റെ ബാർബർഷോപ്പ് നവീകരണ പദ്ധതിക്കുള്ള ഗുണഭോക്താവായി ശിപാർശ ചെയ്യുന്നു.

സ്ഥലം സെക്രട്ടറിയുടെ ഒപ്പ്

തീയതി (ഓഫീസ് സീൽ) ഡെസിഗ്നേഷൻ സീലും

## തെരഞ്ഞെടുക്കപ്പെടുന്നതിനുള്ള മാനദണ്ഡവും മാർക്കും

| | |
|---|---|
| ബി.പി.എൽ കുടുംബം | 20 |
| രണ്ട് പെൺകുട്ടികൾ ഉള്ള കുടുംബം | 10 |
| രണ്ടിൽകൂടുതൽ പെൺകുട്ടികൾ | 10 |
| മൂന്ന് സീറ്റിൽ താഴെ (ബാർബർഷോപ്പിൽ) | 15 |
| ഭിന്നശേഷിയുള്ളവർ | 20 |
| 10-15 വർഷത്തെ പ്രവൃത്തി പരിചയം | 6 |
| 16-20 വർഷത്തെ പ്രവൃത്തി പരിചയം | 9 |
| 20 വർഷത്തിന്മേൽ | 10 |

**(ഒന്നിലേറെപ്പേർക്ക് തുല്യമാർക്ക് കിട്ടുകയാണെങ്കിൽ കുടുംബവാർഷിക വരുമാനം കുറഞ്ഞവർക്ക് മുൻഗണന)**

Attachment: ()45-2020 , 03-07-2020.pdf

DFA/10115

**കേരള സർക്കാർ**

**സംഗ്രഹം**

പിന്നാക്ക വിഭാഗ വികസന വകുപ്പ് – 'ബാർബർ ഷോപ്പ് നവീകരണ ധനസഹായ പദ്ധതി, മുനിസിപ്പാലിറ്റി കോർപ്പറേഷൻ പരിധികളിലേയ്ക്ക് വ്യാപിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

=====================================================================

**പിന്നാക്ക വിഭാഗ വികസന (എ) വകുപ്പ്**

സ.ഉ.(സാധാ)നം.45/2020/പി.വി.വി.വ. തീയതി, തിരുവനന്തപുരം, 03.07.2020.

=====================================================================

പരാമർശം :-
1. 01.12.2015 -ലെ സ.ഉ.(കൈ)നം.15/2015/പി.സ.വി.വ. നമ്പർ സർക്കാർ ഉത്തരവ്.
2. 30.05.2019-ലെ സ.ഉ.(സാധാ)നം.49/2019/പി.വി.വി.വ. നമ്പർ സർക്കാർ ഉത്തരവ്.
3. 30.12.2019 -ലെ പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറുടെ ബി.സി.ഡി.ഐ.ആർ//ബി3/439/2019 നമ്പർ കത്ത്.

**ഉത്തരവ്**

ഒ.ബി.സി.പരമ്പരാഗത ബാർബർ തൊഴിലാളികൾക്കുള്ള തൊഴിൽ നവീകരണ ഗ്രാന്റ് പദ്ധതി നടത്തിപ്പിന് പരാമർശം 1 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. അതിൻ പ്രകാരം ഗ്രാമപ്രദേശങ്ങളിലെ ബാർബർ ഷോപ്പുകൾ നവീകരിക്കുന്നതിനാണ് സഹായം അനുവദിച്ച് വന്നിരുന്നത്.

2. 2019-20 -ലെ വാർഷിക പദ്ധതിയിൽ ഗ്രീൻ ബുക്കിൽ ഉൾപ്പെടുത്തി ടി പദ്ധതിയുടെ നടത്തിപ്പിനായി പരാമർശം 2 പ്രകാരം 50 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

3. 2015-16 വർഷം മുതൽ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന ഈ പദ്ധതിക്ക് ഗ്രാമ പഞ്ചായത്ത് പരിധിയിൽ നിന്നുള്ള അർഹരായ അപേക്ഷകരിൽ ഭൂരിഭാഗം പേർക്കും ആനുകൂല്യം അനുവദിച്ചിട്ടുള്ള സാഹചര്യത്തിൽ ബാർബർ ഷോപ്പ് നവീകരണ ധനസഹായ പദ്ധതി മുനിസിപ്പാലിറ്റി, കോർപ്പറേഷൻ പരിധികളിലേയ്ക്ക് വ്യാപിപ്പിക്കാവുന്നതാണെന്ന് പരാമർശം 3-ലെ കത്ത് പ്രകാരം പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടർ അറിയിച്ചിരുന്നു.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. പഞ്ചായത്ത് പ്രദേശങ്ങളിലുള്ളവർക്ക് മുൻഗണന നൽകുമെന്ന് നിഷ്കർഷിക്കുന്ന ബാർബർ ഷോപ്പ് നവീകരണ ധനസഹായ പദ്ധതിയിൽ പഞ്ചായത്തുകളിൽ നിന്നും ലഭിച്ച അപേക്ഷകളിൽ അർഹരായവർക്ക് ആനുകൂല്യം ഉറപ്പ് വരുത്തിയ ശേഷം പദ്ധതി മാനദണ്ഡമനുസരിച്ച് മുനിസിപ്പാലിറ്റി, കോർപ്പറേഷൻ പരിധികളിൽ കൂടി ഈ പദ്ധതി ആരംഭിക്കുന്നതിന്, ഈ പദ്ധതിക്ക് അധിക തുക വകയിരുത്തുന്നതല്ല എന്ന വ്യവസ്ഥയോടെ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം),

**സുരേഷ് കുമാർ പി.എൻ**
**അഡീഷണൽ സെക്രട്ടറി**

ഡയറക്ടർ, പിന്നാക്ക വിഭാഗ വികസന വകുപ്പ്, വെള്ളയമ്പലം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് [WW1/13/2020, dated 26.02.2020 പ്രകാരം]
ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ് (Plg A1/42/2020/Plg, dated 12.06.2020 പ്രകാരം)
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂമീഡിയ) വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി